©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 നവംബർ 10<br>10th November 2020<br>1196 തുലാം 25<br>25th Thulam 1196<br>1942 കാർത്തികം 19<br>19th Karthika 1942 | നമ്പർ<br>No. | 44 |

## PART III

# Fisheries Department

### ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) കോഴിക്കോടിന്റെ നടപടിക്രമം

വിഷയം :—ഫിഷറീസ്—സഹകരണം—കണ്ണൂർ സിറ്റി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. എഫ്. (ഡി) 190/93, 1969 കേരള സഹകരണ സംഘം നിയമം പ്രകാരം പ്രവർത്തനം നിർത്തൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :—(1) ഫിഷറീസ് സഹരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഉത്തര മേഖല കോഴിക്കോടിന്റെ 1-10-2016, 20-1-2017, 10-5-2017, 18-7-2015-ാം തീയതികളിലെ എഫ്/2413/15-ാം നമ്പർ ഉത്തരവുകൾ.

(2) എഫ്. ഡി. ഒ. (എച്ച്. ക്യു.) കണ്ണൂരിന്റെ 18-10-2017-ലെ എഫ്. ഡി. ഒ. നമ്പർ കത്തും റിപ്പോർട്ടും.

**ഉത്തരവ് നമ്പർ എഫ്. 2413/15 (1) തീയതി 30-6-2020**

കണ്ണൂർ സിറ്റി മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം നമ്പർ ഡി. എഫ്.(ഡി) 190/93-ന്റെ ഭരണ സമിതിക്ക് ആയതിന്റെ കാലാവധിക്കകം പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തി അധികാരം കൈമാറുന്നതിന് സാധ്യമാകാതെ വന്നതിനാലും സംഘം തുടർന്ന് പ്രവർത്തിക്കാത്തതിനാലും തുടർന്ന് സംഘത്തിൽ നിയമിതനായ ഭരണാധികാരിക്ക് സംഘത്തിൽ തെരഞ്ഞെടുപ്പ് നടപടികൾ കൈക്കൊള്ളുന്നതിനായി സാധ്യമാകാതെ വന്നതിനാലും, സംഘത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ബോധ്യപ്പെട്ടതിനാലും, സൂചന (1) ഉത്തരവുകൾ പ്രകാരം സംഘത്തിൽ 1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പരിശോധന നടത്തുന്നതിന് എഫ്.ഡി.ഒ. (എച്ച്.ക്യു.) കണ്ണൂരിനെ നിയോഗിച്ചുകൊണ്ട് ഉത്തരവാകുകയുണ്ടായി.

ആയതുപ്രകാരം സംഘത്തിൽ വകുപ്പ് 65 പരിശോധന നടത്തിയ റിപ്പോർട്ട് സൂചന (2) പ്രകാരം എഫ്.ഡി.ഒ. (എച്ച്. ക്യു.) കണ്ണൂർ സമർപ്പിക്കുകയും, പ്രസ്തുത റിപ്പോർട്ടിൽ

സംഘത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ 1969 കേരള സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും, സംഘം നിയമാവലി വ്യവസ്ഥകൾക്കും വകുപ്പിന്റെയും, മത്സ്യഫെഡിന്റെയും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായും, ടി സംഘത്തിന്റെ പ്രവർത്തന പരിധിയിലും, സമീപപ്രദേശങ്ങളിലുമായി ഇതേ മേഖലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ ഉള്ളതിനാൽ ഈ സംഘത്തിലെ അംഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സമീപ പ്രദേശങ്ങളിലെ സംഘങ്ങളിൽ ലയിപ്പിച്ചുകൊണ്ട് കണ്ണൂർ സിറ്റി (FDWCS Ltd. No. DF (D) 190/93-നെ സമാപ്തീകരിച്ച് ഉത്തരവാക്കാവുന്നതാണെന്ന് റിപ്പോർട്ടിൽ പരിശോധന ഉദ്യോഗസ്ഥൻ ശുപാർശ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംഘം പുനരുജ്ജീവനത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും യാതൊരു സാധ്യതയും ഇല്ല എന്ന് ബോദ്ധ്യമായതിനാൽ 1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 3 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കണ്ണൂർ സിറ്റി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, നമ്പർ ഡി. എഫ്. (ഡി) 190/93-ൽ വകുപ്പ് 71 (2) (ബി) പ്രകാരം പ്രവർത്തനം നിർത്തൽ ചെയ്തുകൊണ്ടും ലിക്വിഡേറ്ററായി എഫ്. ഡി. ഒ. (എച്ച്. ക്യു.) കണ്ണൂരിനെ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ ടി സംഘത്തിന്റെ ആസ്തികളുടെയും ബാധ്യതകളുടെയും ചുമതല ഏറ്റെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത കാലാവധിയായ 2 മാസത്തിന് ശേഷം സംഘത്തിന്റെ അവസാന സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്, കോഴിക്കോട്.

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ ഫിഷറീസ് ജോയിന്റ് ഡയറക്ടർ.

## പരസ്യം

നമ്പർ സി/6049/2019. 2020 സെപ്റ്റംബർ 29.

കണ്ണൂർ ജില്ല പയ്യന്നൂർ താലൂക്ക് മാടായി അംശം പുതിയങ്ങാടി ദേശത്ത് ശ്രീ. ചെങ്ങക്കാരൻ ഗോവിന്ദൻ എന്നയാളുടെ പേരിൽ കാരക്കടവിലുള്ള രണ്ട് ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിന് മത്സ്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളതാണ്. ശ്രീ. ചെങ്ങക്കാരൻ ഗോവിന്ദൻ 5-1-2017-ന് മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ഊന്നിവലയുടെ രജിസ്ട്രേഷനും ലൈസൻസും 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് 2018-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം തന്റെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് ശ്രീ. ചെങ്ങക്കാരൻ ഗോവിന്ദൻ എന്നയാളുടെ മകനും അനന്തരാവകാശിയുമായ ശ്രീ. ബോസ്, സി. ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ അപേക്ഷിക്കുകയും ആയതിൻമേൽ നടത്തിയ അന്വേഷണത്തിൽ ശ്രീ. ബോസ്, സി. മേൽപ്പറഞ്ഞ ഊന്നിവലകളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നിതിന് അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ. ചെങ്ങക്കാരൻ ഗോവിന്ദൻ എന്നയാൾക്ക് കാരക്കടവിലുള്ള രണ്ട് ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീ. ബോസ്, സി. ക്ക് കൈമാറി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉള്ളപക്ഷം ആയത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പുകൂടാതെ മേൽപ്പറഞ്ഞ 2 ഊന്നിവലകളുടെ അനുമതി കണ്ണൂർ ജില്ല, പയ്യന്നൂർ താലൂക്ക് മാടായി അംശം ദേശത്ത് താമസം ആയ ശ്രീ. ബോസ്, സി. എന്നയാളുടെ പേർക്ക് അനുവദിച്ചുകൊടുക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കണ്ണൂർ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.